കൃഷിക്കാക്ക് ഒരു പമ്പിംഗ് സ്റ്റേഷൻ.

138. [8] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ, കരുവന്നൂർ, താമരവളയം ചിറകൾ മുറിച്ച് വെള്ളം തുറന്നുവിടുന്നതിനെ സംബന്ധിച്ച് കരുവന്നൂർ ഭാഗത്തുള്ള കൃഷിക്കാരിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉദ്ദേശം പതിനായിരം പറ നിലം കൃഷിചെയ്യുന്ന മുരിയാട്ടുകായൽകൃഷിക്കാരെ രക്ഷിക്കുന്നതിനും, കരുവന്നൂർ പുഴയിലെ വെള്ളം ഉപയോഗിക്കുന്ന കൃഷിക്കാക്ക് ഉപദ്രവം ഇല്ലാതിരിക്കുന്നതിനും താമരവളയം ചിറയിൽ ഒരു സ്ഥിരം പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ഉത്തരം.

(എ) ഉണ്ട്. പരാതിയനുസരിച്ച് താമരവളയം ചിറയിലേയും കരുവന്നൂർ ചിറയിലേയും വെള്ളം താഴെ ചിറകളിലേയ്ക്ക് ഇറക്കിക്കൊടുത്തു.

(ബി) ഇങ്ങനെ ഒരു പമ്പിംഗ് സ്റ്റേഷൻറെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കരുവന്നൂർ ചിറ അടയ്ക്കുന്നതിനുമുമ്പ് പുഞ്ചക്കൃഷിക്കാർ അവരുടെ വെള്ളം വറ്റിക്കുന്ന ജോലി ചെയ്തുതീർക്കുന്നപക്ഷം അധിക വെള്ളത്തിൻറെ ശല്യം കൃഷി ഇറക്കുന്നതിന് ഉണ്ടാകുന്നതല്ല. ഇങ്ങനെ കാലെ വെള്ളം വറ്റിക്കുന്നതിനാൽ ഉണ്ടായേയ്ക്കാവുന്ന ഉണക്കിന് പിച്ചിപദ്ധതി പൂർത്തീകരിച്ചതോടെ കരുവന്നൂർ ചിറയിൽനിന്നും വെള്ളം സുലഭമായി കൊടുക്കാവുന്നതാണ്.

പൈപ്പുലൈൻ.

139. [13] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടിപറയുമോ :

(എ) ചൊവ്വര മുതൽ മട്ടാഞ്ചേരിവരെയുള്ള ആലുവാ വെള്ളം കൊണ്ടുവരുന്ന പൈപ്പുലൈനുകളിലെ കേടുപാടുകൾ നീക്കംചെയ്ത് എറണാകുളം, മട്ടാഞ്ചേരി മുതലായ സ്ഥലങ്ങളിൽ കൂടുതൽ വെള്ളം നൽകുവാൻ വേണ്ടി 22-7-1950-ൽ ഗവണ്മെൻറ് അനുവദിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 25.7837 ലക്ഷം ഉറുപ്പികയിൽ ഏതു സംഖ്യ ഇതുവരെ ചെലവായി;

(ബി) ഈ ഇനത്തിൽപ്പെട്ട എന്തൊക്കെ പണികൾ ഇതുവരെ ചെയ്തുതീർത്തു;

(സി) ആ എസ്റ്റിമേറ്റ് പ്രകാരം ചെയ്തുതീർക്കാനുള്ള പണികൾ ഏവ;

(ഡി) ആ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമത്തെ പരിഗണിച്ച് ആവശ്യമുള്ള പണികൾ ഇനിയും താമസിയാതെ ചെയ്തു തീർപ്പിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) 13,02,298 രൂപ ചെലവായിട്ടുണ്ട്.

(ബി) C. I. Pipes and Specials വാങ്ങുക.

LIBRARY ARCHIVES Kerala Legislative Assembly

(2) വടതലനിന്നും പെരുമാന്തുരേയ്ക്കും, ചൊവ്വരയ്ക്കും 12 ഇഞ്ച് പൈപ്പ്ലൈൻ ഇടുക.

(3) ചൊവ്വരയിൽ R. C. fills സ്ഥാപിക്കുക.

(4) പെരുമാന്തുരും തോപ്പുംപടിയിലും സ്ഥലം അക്വയർ ചെയ്യുക.

(5) ചൊവ്വരയിലെ Engine House extend ചെയ്യുക. Suction well ഉണ്ടാക്കുക.

(6) പെരുമാന്തുരുള്ള Underground Reservoir-ന്റെ അറ്റകുറ്റപ്പണികൾ തീർക്കുക.

(സി) (1) ഓരോ സ്ഥലങ്ങളിലും ആവശ്യമുള്ള Staff quarters നിർമ്മിക്കുക.

(2) കൂടുതൽ Pump set-കളും Engines-ും വാങ്ങുക.

(3) പച്ചാളത്തുനിന്നും പെരുമാന്തുരേയ്ക്കുള്ള 12 ഇഞ്ച് പൈപ്പ് ലൈൻ ഇടുക.

(4) Electric wires, Cables മുതലായവ വാങ്ങുക.

(5) പെരുമാന്തുർനിന്നും തോപ്പുംപടിക്കുള്ള 12 ഇഞ്ച് duplicate main ഇടുക.

(6) തോപ്പുംപടിയിൽ Pumb house പണി കഴിപ്പിച്ച് അതിൽ Pumpsets, tanks മുതലായവ സ്ഥാപിക്കുക.

(7) Perumanoor Booster station extend ചെയ്യുക; ഒരു ഓഫീസും സ്റ്റോറും പണികഴിപ്പിക്കുക.

(ഡി) എസ്റ്റിമേറ്റിൻപ്രകാരമുള്ള എല്ലാ പണികളും കഴിയുന്നതും വേഗത്തിൽ ചെയ്തീർക്കുന്നതിനു വേണ്ടസത്വരനടപടികൾ എടുത്തു വരുന്നു.

ചൊവ്വര–എറണാകുളം വാട്ടർവർക്ക്സ്.

140. [14] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചൊവ്വര എറണാകുളം വാട്ടർവർക്ക്സ് പണികൾക്കുവേണ്ടി 1954–55 ബഡ്ജറ്റിൽ വകകൊള്ളിച്ച 8 ലക്ഷം രൂപ ഉപയോഗിച്ച് വല്ല പണികളും നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചെയ്തീർത്ത പണികൾ ഏവ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള താഴെ വിവരിക്കുന്ന പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1. ചൊവ്വരയിലെ പുതിയ സെറ്റിലിങ്ങ് ടാങ്ക് പണി.

2. ചൊവ്വര, ആലുവാ, കളമശ്ശേരി, പെരുമാന്തുർ മുതലായ പമ്പിംഗ് സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോമറുകൾ സപ്ലൈ ബോർഡുകൾ എന്നീ ഇലക്ട്രിക്ക് ഉപകരണങ്ങൾ ഫിറ്റുചെയ്യിക്കുക.

LIBRARY ARCHIVES Kerala Legislative Assembly